# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4011 12.12.2018-ൽ മറുപടിക്ക്**

## സൂപ്പർ സ്പെഷ്യാലിറ്റി കേഡർ രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.പി. അനിൽ കുമാർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ആരോഗ്യ വകുപ്പിലെ ഉന്നത യോഗ്യത നേടിയ ഡോക്ടർമാർക്കായി സൂപ്പർ സ്പെഷ്യാലിറ്റി കേഡർ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) യും (ബി) യും ആരോഗ്യ വകുപ്പിൽ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ രൂപീകരിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ജില്ല/ജനറൽ ആശുപത്രികളിലായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി എന്നീ വിഭാഗങ്ങളിൽ മെഡിക്കൽ ഓഫീസർമാരുടെ 16 തസ്തികകൾ വിവിധ ശമ്പള നിരക്കുകളിൽ സൃഷ്ടിച്ചിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി കാഡറിൽ നിയമനം നടത്തുന്നതിനായി, ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. കരട് ഭേദഗതി ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ഓപ്ഷൻ |
| (ബി) | ഇതിനാവശ്യമായ ചട്ടം ഭേദഗതി ചെയ്തിട്ടുണ്ടോ; പ്രസ്തുത ഭേദഗതിക്ക് സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ? | |

സ്വീകരിച്ച് താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി, വിശേഷാൽ ചട്ടത്തിൻമേൽ വരുത്തുന്ന ഭേദഗതികളിലെ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായിരിക്കും നിയമനം എന്ന വ്യവസ്ഥയോടെ സൂപ്പർ സ്പെഷ്യാലിറ്റി തസ്തികയിൽ താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**